കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി - കുന്നംകുളം നഗരസഭ- വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം: 1008/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 31/3/2012

---

പരാമർശം:- 1. 7/11/09-ലെ സ.ഉ (എം.എസ്) 207/09/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. നഗരകാര്യ ഡയറക്ടറുടെ 9/2/12-ലെ ഡിസി4-13608/11 നമ്പർ കത്ത്.

## ഉത്തരവ്

ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന നഗരസഭയ്ക്ക് ആയതിന് നേരെ കാണിച്ചിരിക്കുന്ന തുക വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

| നഗരസഭയുടെ പേര് | തുക | വായ്പ ലഭ്യമാക്കുന്നധനകാര്യ സ്ഥാപനത്തിന്റെ പേര് |
|---|---|---|
| കുന്നംകുളം | 4,56,45,000/- | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി മേൽപ്പറഞ്ഞ നഗരസഭയ്ക്ക് ആയതിന് നേരെ സൂചിപ്പിച്ചിട്ടുള്ള തുക താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്ട് പ്രകാരം വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. വായ്പ എടുക്കുന്നതിന് മുൻപ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ലെങ്കിൽ വായ്പ എടുക്കുന്നതിന് മുൻപായി ആയതിന് അംഗീകാരം തേടേണ്ടതാണ്.
2. വായ്പയുടെ പലിശ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ അധികരിക്കാൻ പാടില്ല.
3. വായ്പ എടുക്കുന്നത് ഗഡുക്കളായിട്ടായിരിക്കണം . ഉടനെ ആവശ്യമുള്ള തുക മാത്രമെ ഒരോ ഗഡുവായും വാങ്ങാൻ പാടുള്ളു. ഉടനെ ആവശ്യമില്ലാത്ത തുക വായ്പയെടുത്ത് പലിശ ബാദ്ധ്യത വരുത്താതിരിക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം.
4. വായ്പയെടുക്കുന്ന തുക ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളു.

(.... 2)

5. ഓരോ പഞ്ചായത്തും എടുത്ത വായ്പയെ സംബന്ധിച്ച വിവരങ്ങളും ഓരോ വർഷവും അടയ്ക്കേണ്ട മുതലും പലിശയും സംബന്ധിച്ച വിവരങ്ങളും ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും പഞ്ചായത്ത് ഡയറക്ടറേയും/ഗ്രാമവികസന കമ്മീഷണറേയും രേഖാമൂലം അറിയിക്കേണ്ടതും ഓരോ വർഷവും ധനകാര്യ സ്ഥാപനത്തിന് നൽകേണ്ട വായ്പാതുകയും പലിശയും നിശ്ചിത തീയതിക്കകം തന്നെ അടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. യാതൊരു കാരണവശാലും തുക അടയ്ക്കുന്നതിൽ കാലതാമസം വരുന്നതിലൂടെ പിഴ പലിശ നൽകേണ്ട ബാദ്ധ്യത പഞ്ചായത്തിനോ സർക്കാരിനോ വരുത്തുവാൻ പാടില്ല.

6. വായ്പതുക സൂക്ഷിക്കുന്നത് സംബന്ധിച്ചും തുകയുടെ വിനിയോഗം സംബന്ധിച്ചും ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചിരിക്കണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
ഗവ.അഡീഷണൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ജില്ലാകളക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്, തൃശ്ശൂർ
സെക്രട്ടറി, കുന്നംകുളം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.